# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 487 — 01.07.2014-ൽ മറുപടിക്ക്

### ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ.കെ.കെ നാരായണൻ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം ഏതാണ്ട് നിശ്ചലാവസ്ഥയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം നിശ്ചലാവസ്ഥയിലല്ല. സമൂഹത്തിലെ നിർദ്ധന - ദുർബല വിഭാഗങ്ങൾക്കായുള്ള ഭവന പദ്ധതികളും, മറ്റ് നിർമ്മാണ രംഗത്തും കൺസൾട്ടൻസി മേഖലയിലും മികച്ച പ്രവർത്തനമാണ് ബോർഡ് ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.<br>ബോർഡ് നിലവിൽ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഭവന നിർമ്മാണ ബോർഡിന് ധനസഹായം നൽകി വന്നിരുന്ന ഏജൻസിയായ ഹഡ്കോ ഇപ്പോൾ ധനസഹായം നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; | (ബി) ഹഡ്കോയിൽ നിന്ന് ധനസഹായം ഇപ്പോൾ ലഭിക്കുന്നില്ല. ഹഡ്കോയ്ക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക 31.03.2014 -ലാണ് അവസാനിച്ചത്. പുതിയ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ധനസഹായത്തിന് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) സർക്കാർ വകുപ്പുകളിൽ നിന്നും ബോർഡിന് വാടകയിനത്തിൽ തുക ലഭിക്കാനുണ്ടോ ; വ്യക്തമാക്കാമോ; | (സി) ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള നെടുമങ്ങാട്, തിരുവല്ല, അടൂർ, ചങ്ങനാശ്ശേരി, എറണാകുളം, കോതമംഗലം എന്നീ റവന്യൂ ടവറുകളിലും, തിരുവനന്തപുരത്തുള്ള ഹൗസിംഗ് ബിൽഡിംഗിലും കൽപ്പക നഗർ ഷോപ്പിംഗ് കോംപ്ലക്സ്, ചക്കോരത്തുകുളം ഷോപ്പിംഗ് കോംപ്ലക്സ്, |

കട്ടപ്പന കൊമേഴ്സ്യൽ കോംപ്ലക്സ് എന്നിവിടങ്ങളിലും വാടകയ്ക്ക് പ്രവർത്തിക്കുന്ന 35 സർക്കാർ വകുപ്പുകളിൽ നിന്ന് 31.05.2014-ലെ കണക്ക് പ്രകാരം വാടക, പലിശ, സർവ്വീസ് ടാക്സ്, പൊതു ചെലവിനം എന്നിങ്ങനെയായി 12,58,20,967/- രൂപ (പന്ത്രണ്ട് കോടി അൻപത്തിയെട്ട് ലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരത്തി അറുപത്തിയേഴ് രൂപ) ലഭിക്കാനുണ്ട്.

| | |
|---|---|
| (ഡി) ഭവന നിർമ്മാണ ബോർഡ് ഇടത്തരം/താഴ്ന്ന വരുമാനക്കാർക്ക് വായ്പാപദ്ധതികൾ എന്തെങ്കിലും നൽകി വരുന്നുണ്ടോ; കഴിഞ്ഞകാലങ്ങളിൽ നൽകി വന്നിരുന്ന വായ്പാ പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ? | (ഡി) ഭവന നിർമ്മാണ ബോർഡ് ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്കായി സന്നദ്ധസംഘടനകൾ/എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ സർക്കാർ സബ്സിഡിയോടെ ഗൃഹശ്രീ ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ബോർഡിനുണ്ടായ സാമ്പത്തിക പ്രതിസന്ധി കാരണം 6/2001 മുതൽ കഴിഞ്ഞകാലങ്ങളിൽ നൽകി വന്നിരുന്ന വായ്പാ പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 1. ഇന്നൊവേറ്റീവ് ഭവന പദ്ധതി

നഗരത്തിൽ ജോലി ചെയ്തുകൊണ്ട് നഗരത്തിനു പുറത്ത് താമസിക്കുന്ന പാവപ്പെട്ട ബി.പി.എൽ തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ കുറഞ്ഞ വാടകയ്ക്ക് ലഭ്യമാക്കുന്ന പദ്ധതി. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി 188 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി. തിരുവനന്തപുരത്ത് പൂജപ്പുരയിൽ 24 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇവിടെ 24 ഫ്ലാറ്റുകളുടെ കൂടി നിർമ്മാണ പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കുന്നതാണ്.

## 2. സാഫല്യം ഭവന പദ്ധതി

ഭൂ-ഭവന രഹിതരായ ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്ക് സർക്കാർ സബ്സിഡിയോടു കൂടി ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയിലൂടെ 240 ഫ്ലാറ്റുകളുടെ നിർമ്മാണം 4 പഞ്ചായത്തുകളിലായി പുരോഗമിച്ചു വരുന്നു. കൊല്ലം ചാത്തന്നൂരിൽ 48 ഫ്ലാറ്റുകളും തൃശ്ശൂർ പുതുക്കാട് 72 ഫ്ലാറ്റുകളും കോഴിക്കോട് ചേളന്നൂരിൽ 66 ഫ്ലാറ്റുകളും എറണാകുളത്ത് ചോറ്റാനിക്കരയിൽ 54 ഫ്ലാറ്റുകളും കോട്ടയം അകലക്കുന്നത്ത് 48 ഫ്ലാറ്റുകളുടേയും നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപ വിനിയോഗിച്ച് 500 ഫ്ലാറ്റുകൾ കൂടി നിർമ്മിക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ട് വരുന്നു.

## 3. ഗൃഹശ്രീ ഭവന പദ്ധതി

സ്വന്തമായ 2 സെന്റ് /3 സെന്റ് ഭൂമിയുള്ള ദുർബല വിഭാഗം (APL/BPL) താഴ്ന്ന വരുമാന വിഭാഗത്തിൽ പെട്ടവർക്ക് സന്നദ്ധ സംഘടന / NGO/ കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണിത്. 2013-14 വർഷത്തെ ബജറ്റ് വിഹിതമായ 10.50 കോടി രൂപ വിനിയോഗിച്ച് 525 വീടുകളുടെ നിർമ്മാണത്തിനായി സബ്സിഡി നൽകി വരുന്നു. 2014-15 വർഷത്തെ ബജറ്റ് വിഹിതമായ 1419 ലക്ഷം രൂപ വിനിയോഗിച്ച് 709 വീടുകൾക്ക് കൂടി സബ്സിഡി നൽകുന്നതാണ്.

4. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. പദ്ധതിയിലൂടെ ദേവികുളത്ത് 6 ഫ്ലാറ്റുകളും കാസർഗോഡ് 24 ഫ്ലാറ്റുകളും നിർമ്മിച്ചിട്ടുണ്ട്. ദേവികുളത്ത് 6 ഫ്ലാറ്റുകളുടേയും, കാസർഗോഡ് 12 ഫ്ലാറ്റുകളുടേയും, തൃശ്ശൂർ കുട്ടനെല്ലൂരിൽ 6 ഫ്ലാറ്റുകളുടേയും നിർമ്മാണം പുരോഗമിച്ചു വരുന്നു.

5. പാരസ്പര്യം മാതൃകയിലുള്ള ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ

ഉപഭോക്താക്കളിൽ നിന്നും മുൻകൂർ തുക വാങ്ങി പാരസ്പര്യം മാതൃകയിൽ ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നുണ്ട്. ഈ രീതിയിൽ തിരുവനന്തപുരത്ത് കവടിയാറിൽ 36 ഫ്ലാറ്റുകളുടെ നിർമ്മാണം വളരെ വിജയപ്രദമായി പൂർത്തിയാക്കാൻ കഴിഞ്ഞു എന്നതു ബോർഡിന് എന്നെന്നും അഭിമാനിക്കാവുന്ന നേട്ടം തന്നെയാണ്. തിരുവനന്തപുരത്ത് അമ്പലനഗറിൽ 64 ഫ്ലാറ്റുകളുടേയും, കൊച്ചിയിൽ പനമ്പള്ളി നഗറിൽ 31 ഫ്ലാറ്റുകളുടേയും നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കോഴിക്കോട് മൂന്ന് ഘട്ടങ്ങളിലായി 108 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ തൃക്കാക്കര, ഇരുമ്പനം, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള രൂപകല്പന പൂർത്തിയായി വരുന്നു.

6. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ

കേന്ദ്ര സർക്കാർ ഗ്രാന്റ്, സംസ്ഥാന സർക്കാരിൽ നിന്നുമുള്ള ബജറ്റ് വിഹിതം എന്നിവ ഉപയോഗിച്ച് ബോർഡ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ബോർഡിന്റെ ഉടമസ്ഥതയിൽ ഇടുക്കിയിൽ മുട്ടം, എറണാകുളത്ത് കാക്കനാട്, കോട്ടയത്ത് ഗാന്ധി നഗറിലുമുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. തൃശ്ശൂർ പുല്ലഴിയിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കട്ടപ്പനയിൽ 125 കിടക്കകളും കോഴിക്കോട് 159 കിടക്കകളും മുട്ടത്ത് 74 കിടക്കകളും ഉള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തിരുവനന്തപുരത്ത് NCC നഗറിൽ 73 കിടക്കകളും എറണാകുളത്ത് ഇടപ്പള്ളിയിൽ 98 കിടക്കകളും തൃശ്ശൂർ ചാലക്കുടിയിൽ 77 കിടക്കകളും തൃശ്ശൂർ മുളങ്കുന്നത്ത് കാവിൽ 142 കിടക്കകളും ഉള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് ജഗതിയിൽ 319 കിടക്കകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം തേടിയിട്ടുണ്ട്.

7. റവന്യൂ ടവർ പദ്ധതികൾ

ഹരിപ്പാട് റവന്യൂ ടവർ പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയ്ക്ക് NABARD-ൽ നിന്നും വായ്പ സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊട്ടപ്പുഴയിൽ സിറ്റി സെന്റർ പദ്ധതി പാരസ്പര്യ മാതൃകയിൽ നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പരിഗണനയിലാണ്.

8. കട്ടപ്പന കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതി

കട്ടപ്പന കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പഠനം നടത്തി വരുന്നു.

9. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതിയുടെ രണ്ടാംഘട്ടം

കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനായി പദ്ധതി അംഗീകാരം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.

10. ഭൂ-വികസന പദ്ധതികൾ

കാസർഗോഡ് മാധൂരിൽ ബോർഡ് ഡെവലപ് ചെയ്ത 20 പ്ലോട്ടുകളുടെ ലേല വില്പന ഉടനെ നടത്തുന്നതാണ്. ആലപ്പുഴയിൽ വളവനാട്ടും പത്തനംതിട്ടയിൽ റാന്നി-പഴവങ്ങാടിയിലും, ചെറുകോലും, ഇടുക്കി വാഴത്തോപ്പിലും പ്ലോട്ടുകൾ വികസിപ്പിച്ച് വില്പന നടത്തുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി നടപടി കൈക്കൊണ്ട് വരുന്നു.

11. പത്ര പ്രവർത്തകർക്ക് ഭവന നിർമ്മാണ സബ്സിഡി അനുവദിക്കുന്ന പദ്ധതി

1955-ലെ വർക്കിംഗ് ജേർണലിസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന സംസ്ഥാനത്തെ പത്രപ്രവർത്തകർക്ക് ഭവന നിർമ്മാണത്തിന് സബ്സിഡി (1,00,000/-രൂപ) അനുവദിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ഇതുവരെ 547 പത്ര പ്രവർത്തകർക്ക് 1,78,52,809/- രൂപ (ഒരു കോടി എഴുപത്തിയെട്ട് ലക്ഷത്തി അൻപത്തിരണ്ടായിരത്തി എണ്ണൂറ്റി ഒൻപത് രൂപ) സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

12. <u>റവന്യൂ ടവറുകളും കൊമേഴ്സ്യൽ കോംപ്ലക്സുകളും വാടകയ്ക്ക് നൽകുന്ന പദ്ധതി</u>

ഭവന നിർമ്മാണ ബോർഡ് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി 24 കൊമേഴ്സ്യൽ/ഓഫീസ് കോംപ്ലക്സുകളും റവന്യൂ ടവറുകളും വാടകയ്ക്ക് നൽകുന്നുണ്ട്. ഈ കെട്ടിടങ്ങളിലായി 1100-ലധികം വാടകക്കാരുണ്ട്. വിവിധ റവന്യൂ ടവറുകളിലും തിരുവനന്തപുരം, കട്ടപ്പന, കോഴിക്കോട് എന്നിവിടങ്ങളിലെ കൊമേഴ്സ്യൽ കോംപ്ലക്സുകളിലുമായി 130-ൽ പരം വിവിധ സർക്കാർ ഓഫീസുകളും വാടകയ്ക്ക് പ്രവർത്തിക്കുന്നുണ്ട്. എല്ലാ വാടകക്കാരിൽ നിന്നുമായി പ്രതിമാസം 1 കോടിയിൽ പരം രൂപ ബോർഡിന് വാടകയിനത്തിൽ ലഭിക്കേണ്ടതുണ്ട്. വിവിധ സർക്കാർ വകുപ്പുകളിൽ നിന്ന് 2013-14 വർഷത്തെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റായി 9,72,52,355/-രൂപ (ഒൻപത് കോടി എഴുപത്തിരണ്ട് ലക്ഷത്തി അൻപത്തിരണ്ടായിരത്തി മുന്നൂറ്റി അൻപത്തിയഞ്ച് രൂപ) ബോർഡിന് ലഭ്യമാക്കിയിട്ടുണ്ട്.

13. <u>ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി:</u>

ഈ പദ്ധതി പ്രകാരം 1972-76 കാലഘട്ടത്തിൽ നിർമ്മിച്ച ലക്ഷം വീടുകളുടെ പുനർ നിർമ്മാണത്തിനായി സബ്സിഡി വിതരണം ചെയ്ത് വരുന്നു. ജനറൽ വിഭാഗത്തിന് 75,000/- രൂപയും പട്ടിക ജാതി വിഭാഗത്തിന് 1 ലക്ഷം രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിന് 1.25 ലക്ഷം രൂപയുമായിരുന്നു സർക്കാർ സബ്സിഡി. അതു പ്രകാരം 12,812 ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി തുക 2 ലക്ഷം രൂപയായി സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയിലൂടെ നിർമ്മിച്ച വീടുകളുടെ മേൽക്കൂരയുടെ അറ്റകുറ്റ പണികൾക്കായി സർക്കാർ റിലീസ് ചെയ്ത 1.50 കോടി രൂപ വിനിയോഗിച്ച് 190 ഗുണഭോക്താക്കൾക്ക് സർക്കാർ സബ്സിഡിയായി 10,000/- രൂപ വീതം നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമേ സൗഭാഗ്യ ഭവന പദ്ധതി (ദുർബല / താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള വായ്പാ പദ്ധതി) കാരുണ്യ ഭവന പദ്ധതി (പഞ്ചായത്തുകളുമായി ചേർന്ന് ദുർബല വിഭാഗക്കാർക്കായി വീട് നിർമ്മാണത്തിന് സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതി), സങ്കേതം ഭവന പദ്ധതി (പഞ്ചായത്തുകൾ ലഭ്യമാക്കുന്ന ഭൂമിയിൽ താഴ്ന്ന വരുമാന വിഭാഗക്കാർക്കായി സർക്കാർ സബ്സിഡിയോടു കൂടി ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതി) സാന്ത്വനം വാടക വീട് പദ്ധതി (മെഡിക്കൽ കോളേജുകളിലെ രോഗികൾക്കും

കൂട്ടിരിപ്പുകാർക്കുമുള്ള വാടക വീട് പദ്ധതി) സർക്കാർ-അർദ്ധ സർക്കാർ ജീവനക്കാർക്കായുള്ള വായ്പാ പദ്ധതി എന്നിവയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്യ സംസ്ഥാന തൊഴിലാളികൾക്കു വേണ്ടി നൈറ്റ് ഷെൾട്ടർ പദ്ധതി നടപ്പിലാക്കുന്നതും പരിഗണനയിലാണ്. കൂടാതെ കൊച്ചിയിൽ മറൈൻ ഡ്രൈവിൽ ബോർഡിന്റെ കൈവശമുള്ള 17.9 ഏക്കർ ഭൂമിയിൽ PPP മാതൃകയിൽ ഫൈനാൻസ് സിറ്റി ഉൾപ്പെടെയുള്ള ഒരു ബൃഹദ് പദ്ധതി നടപ്പിലാക്കുന്നതിന് ഡവലപ്പറെ തെരെഞ്ഞെടുക്കുന്നതിന് ബോർഡിനെ സഹായിക്കുന്നതിനും പദ്ധതി രൂപ കല്പന ചെയ്യുന്നതിനുമായി ആഗോളതലത്തിലുള്ള കൺസൽട്ടന്റുമാരുടെ EOI ക്ഷണിച്ച് കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ച് M/S IL&FS-നെ കൺസൽട്ടന്റായി തെരെഞ്ഞെടുത്തിട്ടുണ്ട്. ബോർഡിന്റെ കൈവശമുള്ള അനുയോജ്യമായ മറ്റ് സ്ഥലങ്ങളിൽ പാരസ്പര്യ മാതൃകയിൽ പാർപ്പിട/വാണിജ്യ സമുച്ചയ പദ്ധതികളും രൂപകല്പന ചെയ്തു വരുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമേ ബോർഡ് മറ്റു സർക്കാർ/പൊതു മേഖലാ ഡിപ്പാർട്ടുമെന്റുകളുടെ/സ്ഥാപനങ്ങളുടെ കൺസൾട്ടൻസി ജോലികൾ, ഡെപ്പോസിറ്റ് ജോലികൾ എന്നിവ ഏറ്റെടുത്ത് നടത്തി വരുന്നു. നിലവിൽ ബോർഡ് IIST-യുടെ വലിയമലയിലെ കാമ്പസ് നിർമ്മാണ ത്തിന്റെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ മൃഗസംരക്ഷണ വകുപ്പിന് വേണ്ടി കൊല്ലത്ത് കുര്യോട്ടുമലയിലും തിരുവനന്തപുരത്ത് വിതുരയിലും നിർമ്മിക്കുന്ന ഹൈടെക് ഡെയ്റി ഫാമിന്റെ നിർമ്മാണം സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റിനു വേണ്ടിയുള്ള വിവിധ കെട്ടിടങ്ങളുടെ നിർമ്മാണം, CAPE (Co-Operative Academy of Professional Education) നു വേണ്ടി മുട്ടത്തറയിലും വടക്കാഞ്ചേരിയിലും തുടങ്ങുന്ന എഞ്ചിനീയറിംഗ് കോളേജുകളുടെ കൺസൾട്ടൻസി ജോലികൾ പത്തനാപുരം എഞ്ചിനീയറിംഗ് കോളേജിൽ Electrical & Electronics Block, Electronics & Communication block, Computer Science block, Ladies Hostel എന്നിവയുടെ കൺസൾട്ടൻസി ജോലികൾ, LBS Centre-നു വേണ്ടി കാസർഗോഡുള്ള എഞ്ചിനീയറിംഗ് കോളേജിന്റെ Academic block, Indoor Auditorium, Open stadium, Student Academic Centre എന്നിവയുടെ നിർമ്മാണം, വിവിധ പഞ്ചായത്തുകൾ/ മുൻസിപ്പാലിറ്റി /കോർപ്പറേഷൻ എന്നിവയുടെ കൺസൽട്ടൻസി ജോലികൾ എന്നിവയാണ്

ഇപ്പോൾ ബോർഡ് ഏറ്റെടുത്ത് നടത്തി വരുന്ന പ്രധാനപ്പെട്ട കൺസൽട്ടൻസി/ഡെപ്പോസിറ്റ് ജോലികൾ.

14. <u>സുനാമി പുനരധിവാസ പ്രവർത്തനങ്ങൾ</u>

സുനാമി പുനരധിവാസ പദ്ധതിയിൻ കീഴിലുള്ള CHRP (Coastal Housing and Resettlement Project) പദ്ധതിയുടെ നോഡൽ ഏജൻസിയായി ഭവന നിർമ്മാണ ബോർഡ് പ്രവർത്തിച്ചു വരുന്നു. ഇതു പ്രകാരം ഈ പദ്ധതിയുടെ സാങ്കേതിക സഹായം, നേരിട്ടുള്ള നിർമ്മാണം, മറ്റു ഏജൻസികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം എന്നീ പ്രവർത്തനങ്ങളാണ് ബോർഡ് നിർവ്വഹിക്കുന്നത്. CHRP പദ്ധതിയിൻ കീഴിൽ നാളിതു വരെ 1892 വീടുകൾ ബോർഡ് നേരിട്ട് നിർമ്മാണം നടത്തി. ഏജൻസികൾ വഴി നടപ്പിലാക്കുന്ന 1812 വീടുകളിൽ 1732 എണ്ണം പൂർത്തീകരിക്കുകയും 80 എണ്ണത്തിന്റെ പണികൾ അന്തിമ ഘട്ടത്തിലുമാണ്.

Section officer